പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1746

13.7.2011 ൽ
മറുപടിയ്ക്ക്

ഐ.ടി. മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) പൂർണ്ണമായി വിലയിരുത്തിയിട്ടില്ല. |
| ബി) തിരുവനന്തപുരം ടെക്നോസിറ്റിക്കായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തത് ; | ബി) തിരുവനന്തപുരം ടെക്നോസിറ്റിക്കായി 451 ഏക്കർ സ്ഥലമാണ് ഏറ്റെടുത്തത്. |
| സി) ടെക്നോപാർക്കിന്റെ മൂന്നാംഘട്ടവും, ഇൻഫോപാർക്കിന്റെ രണ്ടാംഘട്ടവുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് തുടങ്ങിയത് ; | സി) ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനവുമായി ബന്ധപ്പെട്ട് എടുക്കാനുദ്ദേശിച്ച 90.25 ഏക്കർ ഭൂമിയിൽ 80.84 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ഇതിൽ 27 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. ഇവിടെ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 'പൊന്മുടി', 'ആനമുടി' എന്നീ പേരുകളിൽ ഐ.ടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ HCL Infosystems ഉൾപ്പെടെ 7 കമ്പനികൾക്ക് 90 വർഷ കരാർ അടിസ്ഥാനത്തിൽ IT/ITES വ്യവസായ സംരംഭങ്ങൾക്കു വേണ്ടി പാട്ടത്തിന് നല്കിയിട്ടുണ്ട്. ഇവിടെ അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കുന്നതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നു.<br><br>ഇൻഫോപാർക്ക് രണ്ടാംഘട്ടം കുന്നത്തുനാട് താലൂക്കിൽപ്പെട്ട പുത്തൻകുരിശ് വില്ലേജിലെ 160 ഏക്കർ സ്ഥലത്താണ് നിർമ്മിക്കുന്നത്. ഇതിൽ 125 ഏക്കർ സ്ഥലം ഇതിനോടകംതന്നെ ഏറ്റെടുത്തു കഴിഞ്ഞു. ഇതിൽപ്പെട്ട 31 ഏക്കർ സ്ഥലം ഐ.ടി. ക്കുവേണ്ടിയുള്ള പ്രത്യേക |

സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥലത്ത് ഏകദേശം 4 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഒരു ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഏകദേശം ഒരു മാസത്തിനകം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പ്രദേശത്ത് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പണികളും ഉടൻ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആഗോള പ്രശസ്തരായ Cannon Design ആണ് രണ്ടാംഘട്ടത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള പ്ലോട്ടുകൾ ഐ.ടി. കമ്പനികൾക്കും co-developers നും ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിന് നല്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ഡി) ഗ്രാമ പ്രദേശങ്ങളിൽ ചെറുകിട ഐ.ടി. പാർക്കുകളുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ടെക്നോലോഡ്ജുകൾ ആരംഭിച്ചതായും, അതിന്റെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ?

ഡി) ഇതിനകം 11 ടെക്നോലോഡ്ജുകൾക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ പെരിനാട്, കടയ്ക്കൽ, എറണാകുളം ജില്ലയിലെ പിറവത്തുള്ള കാക്കൂർ എന്നിവ പ്രവർത്തന സജ്ജമായിട്ടുണ്ട്. കൊല്ലം ജില്ലയിലെ വെളിയം, കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിലെ ടെക്നോലോഡ്ജുകൾ ഉടൻ തന്നെ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കൊല്ലം ജില്ലയിലെ തന്നെ അഞ്ചൽ, പത്തനാപുരം, പൂതക്കുളം ഇടുക്കി ജില്ലയിലെ കരിങ്കുന്നം, തൃശ്ശൂർ ജില്ലയിലെ കൊടകര, വേലൂർ എന്നിവിടങ്ങളിലെ ടെക്നോലോഡ്ജുകൾക്കാണ് ഇതിന് പുറമെ ഭരണാനുമതി നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ